# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പവിത്രേശ്വരം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA KLMP11/1847/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 03/12/2022
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പവിത്രേശ്വരം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പവിത്രേശ്വരം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പവിത്രേശ്വരം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA KLMP11/1847/2022 തീയ്യതി: 03/12/2022

## കൊല്ലം ജില്ലയിലെ പവിത്രേശ്വരം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ പവിത്രേശ്വരം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-10-2021 മുതൽ 21-09-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.അമ്പിളി.എം.ഡി | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) | 22-09-2022 | 30-09-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 22-09-2022 | 01-10-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.രഞ്ജിത്ത് കുമാർ.ജി, ഓഡിറ്റ് ഓഫീസർ ഹ.ഗ്രേ)
ശ്രീമതി.പത്മകുമാരി.എൽ, അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.അനിൽകുമാർ.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.താര.റ്റി, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ.വി.രാധാകൃഷ്ണൻ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.വൈ.നിസാർ | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.പ്രദീപ്.എം.പി. | അസി.സെക്രട്ടറി | 01-04-2021 | 09-07-2021 |
| ശ്രീ.സിദ്ദിക്ക്.വൈ | അസി.സെക്രട്ടറി | 12-07-2021 | 31-03-2022 |
| ഡോ.ധന്യ.ആർ.ദേവ് | മെഡിക്കൽ ഓഫീസർ-ആയുർവേദം | 01-04-2021 | 31-03-2022 |
| ഡോ.പ്രനിത നെൽസൺ | മെഡിക്കൽ ഓഫീസർ-ഹോമിയോ | 01-04-2021 | 31-03-2022 |
| ഡോ.ഡാലി | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 01-04-2021 | 31-03-2022 |
| ശ്രീമതി.സുലത.വി.എസ് | ഹെഡ്മിസ്ട്രസ്സ് | 01-04-2021 | 31-03-2022 |
| ശ്രീമതി.അനിത.എസ് | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2021 | 31-03-2022 |
| ശ്രീമതി.ബിന്ദു.പി | വി.ഇ.ഒ. | 01-04-2021 | 28-07-2021 |
| ശ്രീ.സന്തോഷ്.എസ് | വി.ഇ.ഒ. | 24-09-2021 | 31-03-2022 |
| ശ്രീമതി.ശാന്തി.ആർ | വി.ഇ.ഒ. | 01-04-2021 | 31-03-2022 |
| ശ്രീമതി.രേഖ.പി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 07-04-2021 |
| ശ്രീമതി.വത്സലകുമാരി രാഖി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 08-04-2021 | 15-11-2021 |
| ശ്രീമതി.ബനാസിർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 16-11-2021 | 31-03-2022 |
| ശ്രീ.സുധീഷ്കുമാർ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| ശ്രീമതി.ധന്യ.എം | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.ജോൺലാലി | വെറ്ററിനറി സർജൻ | 01-04-2021 | 15-04-2021 |
| ഡോ.ദീപ പ്ലാസിഡ് | വെറ്ററിനറി സർജൻ | 16-04-2021 | 31-03-2022 |
| ശ്രീമതി.മഞ്ജു.എസ് | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2021 | 31-08-2021 |
| ശ്രീമതി.താരാ.ജെ.ജെ | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-09-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷികകണക്കിലെ അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | ക്യാഷ് പരിശോധന | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 12 | വീട്ടുവളപ്പിൽ കുളത്തിലെ മത്സ്യകൃഷി - സുഭിക്ഷ കേരളം - മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി സബ്സിഡി നൽകി. | 1-11 |
| 13 | ഭവന നിർമ്മാണം - 2021-22 വർഷം കരാർ വച്ചെങ്കിലും ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ല. | 1-12 |
| 14 | പ്രോപ്പർട്ടി ടാക്സ് - തറനിർമ്മിതിക്കനുസരിച്ചുള്ള നികുതി വർദ്ധനവ് വരുത്തിയില്ല. | 1-13 |
| 15 | വസ്തുനികുതി - അസ്സസ്സ്മെന്റ് ഡിമാന്റ് തുകകളിൽ വ്യത്യാസം. | 1-14 |
| 16 | വസ്തു നികുതി - സേവന ഉപനികുതി ഈടാക്കുന്നില്ല. | 1-15 |
| 17 | അംഗൻവാടികളിൽ നെയിം ബോർഡ് സ്ഥാപിക്കൽ - ടെണ്ടർ സംബന്ധിച്ച രേഖകൾ ഹാജരാക്കിയിലൽ. | 1-16 |
| 18 | പട്ടികജാതി കുട്ടികൾക്ക് മേശയും കസേരയും - ജില്ലാപഞ്ചായത്തിന്റെ മെച്ചപ്പെട്ട വിദ്യാഭ്യാസ പദ്ധതിയിൽ ഉൾപ്പെട്ട വിദ്യാർത്ഥിനിക്ക് ആനുകൂല്യം നല്കി. | 1-17 |
| 19 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. | 1-18 |
| 20 | തെരുവ് വിളക്ക് പരിപാലനം - നടത്തിപ്പിലെ അപാകതകൾ | 1-19 |
| 21 | റോഡ് മെയിന്റനൻസ് ആവശ്യമായ ഫണ്ട് വകയിരുത്തുന്നില്ല - മെയിന്റനൻസ് ഫണ്ട് ലാപ്സായി. | 1-20 |
| 22 | 73,225/-രൂപയുടെ മരുന്നുകൾ നാളിതുവരെ ലഭ്യമായില്ല. | 1-21 |
| 23 | തൊഴിലുറപ്പ് പദ്ധതി - അവലോകനം | 1-22 |
| 24 | മരുന്നുകളും ഉപകരണങ്ങളും പൂർണമായും ലഭ്യമായില്ല. | 1-23 |
| | ഭാഗം **2** | |

| | | |
|---|---|---|
| 1 | പ്രോപ്പർട്ടി ടാക്സ് - തറനിർമ്മിതിക്കനുസരിച്ചുള്ള നികുതി വർദ്ധനവ് വരുത്തിയില്ല. | 2-1 |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധ പത്രികകൾ | |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ്

20.2.21 തീയതിയിലെ 1 (1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ പരിഷ്കരിച്ച ബജറ്റ് 16.2.21 തീയതിയിലെ 2-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2022 | 18.05.2022 | - | - |

### 1-2-1 വാർഷികകണക്കിലെ അപാകതകൾ

1. B-3 ഷെഡ്യൂളിൽ മുൻവർഷത്തെ തുക തന്നെയാണ് ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനായി രേഖപ്പെടുത്തിയിട്ടുള്ളത്. തൻവർഷത്തെ മൂലധനചെലവുകൾ ടി ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

2. മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ് എ.സി.ആർ പ്രകാരം 31,280/-രൂപ മെഡിക്കൽ ഓഫീസർക്ക് നല്കിയിട്ടുണ്ടെങ്കിലും തുക പിൻവലിച്ചിട്ടില്ല. അതിനാൽ എ.സി.ആർ, എ.എഫ്.എസ് എന്നിവ പ്രകാരം 31,280/-രൂപയുടെ ചെലവ് വർദ്ധിച്ചു നിൽക്കുന്നു.

3. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആയതിനാൽ ആസ്തിമൂല്യം കണക്കാക്കാൻ കഴിഞ്ഞിട്ടില്ല.

4. ക്ലോസിങ്ങ് സ്റ്റോക്കിന്റെ മൂല്യം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

5. 'Sewerage And Drainage', Waterways എന്നിവ 2021-22 ലെ വാർഷികകണക്കിൽ അസ്സറ്റായി ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ ഡിപ്രീസിയേഷനായി യഥാക്രമം 11,538/-രൂപ, 17,06,335/-രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്.

6. വസ്തു നികുതി സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, തുകകളും വാർഷികകണക്ക പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ബുക്ക് അഡ്ജസ്റ്റ്മെന്റ് തുകകളുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

7. കുഴൽക്കിണറുകളുടെ നിർമ്മാണത്തിനായി തുക ഡെപ്പോസിറ്റ് ചെയ്ത് പണി പൂർത്തീകരിക്കുന്നുണ്ടെങ്കിലും ടി ഹെഡിലെ ആസ്തി മൂല്യം വർദ്ധിപ്പിച്ചിട്ടില്ല.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,70,53,963/-രൂപ |
| വരവ് | 89,412,005/-രൂപ |
| ആകെ | 10,64,65,968/-രൂപ |
| ചെലവ് | 8,71,88,991/-രൂപ |
| നീക്കിയിരിപ്പ് | 1,92,76,977/-രൂപ |
| വരവിനങ്ങളിലുള്ള നഷ്ടം | 13,320/-രൂപ |
| ചെലവിനങ്ങളിലുള്ള നഷ്ടം | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 47,26,238/-രൂപ |

### 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് ₹ | ആകെ₹ | ചെലവ്₹ | | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|

| | ₹ | | | | ലാപ്പ്സായ തുക₹ | |
|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 1,86,76,793/- | 1,86,76,793/- | 1,86,75,234/- | 1,559/- | |
| വികസനഫണ്ട് (എസ്.സി.പി) | 0 | 1,73,95,105/- | 1,73,95,105/- | 1,58,83,756/- | 15,11,349/- | |
| വികസനഫണ്ട് (റ്റി.എസ്.പി) | 0 | 0 | 0 | 0 | 0 | |
| ധനകാര്യ കമ്മിഷൻ ഗ്രാന്റ് (Untied) | Through Treasury | 14,60,017/- | 14,60,017/- | 1,75,298/- | 12,84,719/- | |
| | Through Bank | 35,03,977/- | 35,03,977/- | 25,92,823/- | 0 | 9,11,154/- |
| ധനകാര്യ കമ്മിഷൻ ഗ്രാന്റ്(tied) | Through Treasury | 42,90,860/- | 42,90,860/- | 21,87,643/- | 21,03,217/- | |
| | Through Bank | 52,16,000/- | 52,16,000/- | 7,11,035/- | 0 | 45,04,965/- |
| മെയിന്റനൻസ് ഫണ്ട്(റോഡ്) | 0 | 80,68,721/- | 80,68,721/- | 41,13,767/- | 39,54,954/- | |
| മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | 0 | 81,88,003/- | 81,88,003/-/- | 39,94,424/- | 41,93,579/- | |

| | | | | | |
|---|---|---|---|---|---|
| സംസ്ഥാനാവിഷ്കൃത ഗ്രാന്റ് | | | | | |
| ലൈഫ് മിഷൻ - സംസ്ഥാന വിഹിതം | 0 | 10,00,000/- | 10,00,000/- | 2,00,000/- | 8,00,000/- |
| സാക്ഷരത | 4,349/- | 0 | 0 | 0 | 4,349/- |
| ശുചിത്വമിഷൻ ഗ്രാന്റ് | 2,51,228/- | 1,90,000/- | 4,41,228/- | 1,90,000/- ( 2,12,309/- ) | 38,919/- |
| എസ്.എസ്.എ | 5,971/- | 118/- | 6,089/- | 59/- | 6,030/- |
| കേന്ദ്രാവിഷ്കൃത ഗ്രാന്റ് | | | | | |
| ICDS | 9,20,553/- | 12,08,464/- | 21,29,017/- | 21,27,640/- | 1,377/- |
| MNREGS ഭരണച്ചെലവുകൾ | 4,18,175/- | 18,36,915/- | 22,55,090/- | 22,55,090/- | 0 |
| | 0 | 6,00,69,027/- | 6,00,69,027/- | 6,00,69,027/- | 0 |
| SBM PBIG | 22,78,353/- | 16,01,424/- (2,12,309 + 13,89,115 ) | 38,79,777/- | 5,49,427/- | 33,30,350/- |
| SAGY | 25,680/- | 0 | 25,680/- | 0 | 25,680/- |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (രൂപ) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (രൂപ) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 244 | 10,60,90,227/- | 149 | 6,47,80,495/- | 0 | 78 | 61.06 % |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരുപ്പ് ₹ |
|---|---|---|---|---|---|
| ഭരണചെലവുകൾ | 4,18,175/- | 18,36,915/- | 22,55,090/- | 22,55,090/- | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 6,00,69,027/- | 6,00,69,027/- | 6,00,69,027/- | 0 |
| ആകെ | 4,18,125/- | 6,19,05,942/- | 6,23,24,117/- | 6,23,24,117/- | 0 |

1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | |
| കർഷകതൊഴിലാളി പെൻഷൻ | 9,83,000/- | 62 |
| വിധവാപെൻഷൻ | 2,22,20,000/- | 1714 |
| വാർദ്ധക്യകാലപെൻഷൻ | 3,94,42,100/- | 3386 |
| വികലാംഗപെൻഷൻ | 65,86,400/- | 452 |
| 50 വയസിന് മുകളിൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 7,65,200/- | 57 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 3,00,000/- | 10 |

1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.9.2022 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹16,549/-ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലി വിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. വരവുകൾ സാംഖ്യ രസീതി നൽകി സ്വീകരിക്കുന്നു. സ്വീകരിക്കുന്ന തുകകൾ ശരിയായി അക്കൌണ്ട് ചെയ്യുന്നുണ്ട്. മാനവൽ രസീതി മുഖേന സ്വീകരിക്കുന്ന തുകകളുടെ ഒടുക്ക് പരിശോധിച്ച് ഉറപ്പാക്കുന്നതിന് മേൽനോട്ട ചുമതലയുള്ളവർ കർത്തവ്യം നിർവ്വഹിക്കുന്നു.

പേയ്മെന്റ് ഓർഡറുകൾ യഥാസമയം ചെയ്ത് ചെലവ് ആധികാരികമാക്കുകയും സാംഖ്യ വൗച്ചറുകൾ നമ്പർ ക്രമത്തിൽ സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്. കണക്കുകൾ ബന്ധപ്പെട്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പരിശോധിച്ച് ആവശ്യമായ നിർദ്ദേശങ്ങളോടും വിമർശനങ്ങളോടും കൂടി അംഗീകരിക്കുന്നു.
മരാമത്ത് പ്രവൃത്തികൾ ഭൂരിഭാഗത്തിനും 2,00,000/-രൂപയാണ് അടങ്കൽ തുക വകയിരുത്തിയിരിക്കുന്നത്. ആയതുമൂലം ഒരു റോഡു പ്രവൃത്തിയും പൂർണ്ണമായും പൂർത്തീകരിക്കാൻ കഴിയുന്നില്ല. പഞ്ചായത്തിലെ ഭൂരിഭാഗം റോഡുകളും തകർന്നു കിടക്കുകയാണെങ്കിലും, ആവശ്യമായ ഫണ്ട് വകയിരുത്താത്തതിനാൽ ഇവ പൂർണ്ണമായും നവീകരിക്കാൻ സാധിക്കുന്നില്ല. വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വിഭജിക്കുന്നതിനാൽ ഓരോ വാർഡിലും ഒരു പ്രവൃത്തി പൂർണ്ണമായും ചെയ്യാൻ സാധിക്കുന്നില്ല. വെറ്റിനറി സർജൻ നടപ്പിലാക്കിയ പശു വളർത്തൽ പദ്ധതിയിൽ ജനറൽ, എസ്.സി.പി വിഭാഗങ്ങളിൽ വ്യത്യസ്ത നിരക്കിൽ പശുക്കളെ വാങ്ങിയിരിക്കുന്നു. ഒരേ പദ്ധതിക്കു വ്യത്യസ്ത നിരക്കിലുള്ള വാങ്ങലുകൾ അവസാനിപ്പിക്കേണ്ടതാണ്. പഞ്ചായത്തിന്റെ തനതു വരുമാനം ഡിമാന്റ് ചെയ്തതിൽ വസ്തു നികുതിയിൽ ഗണ്യമായ കുറവ് കാണുകയുണ്ടായി. സപ്ലിമെന്ററി ഡിമാന്റ് മുഴുവൻ കണക്കിലെടുക്കാതെയാണ് ആകെ ഡിമാന്റ് കണക്കാക്കിയിരിക്കുന്നത്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.04.22 മുതൽ 19.04.22 വരെ | 10/2021 മുതൽ 3/2022 വരെ | 16.05.2022 |
| അക്കൌണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 01.11.2019 | 2014/15 മുതൽ 2018/19 വരെ | 23.12.2019 |

1-11 വീട്ടുവളപ്പിൽ കുളത്തിലെ മത്സ്യകൃഷി - സുഭിക്ഷ കേരളം - മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി സബ്സിഡി നൽകി.

സുഭിക്ഷ കേരളം പദ്ധതിയ്ക്ക് അടിസ്ഥാനമായ സർക്കാർ ഉത്തരവ് (സാ.ധാ) നം. 1009/2020 /ത.സ്വ.ഭ.വ, 29.5.2020 പ്രകാരം ജനറൽ വിഭാഗത്തിന് വീട്ടുവളപ്പിൽ കുളത്തിലെ മത്സ്യകൃഷിയുടെ യൂണിറ്റ് ചെലവ് 1,23,000/-രൂപയും അതിന്റെ 40% സബ്സിഡിയും ആണ്. ഈ സബ്സിഡി തുകയുടെ മൂന്നിൽ രണ്ടു ഭാഗം തദ്ദേശ സ്വയംഭരണ സ്ഥാപനവും മൂന്നിലൊന്ന് ഫിഷറീസ് വകുപ്പും വഹിക്കേണ്ടതാണ്. എന്നാൽ നടപ്പാക്കിയ പദ്ധതിയിൽ ഫിഷറീസ് വകുപ്പിൽ നിന്നും സബ്സിഡി നൽകിയതായ രേഖകൾ ലഭ്യമാക്കിയിട്ടില്ല. മേൽ ഉത്തരവ് ഖണ്ഡിക 4.5.7 പ്രകാരം സബ്സിഡി തുക യൂണിറ്റിന്റെ നിർവ്വഹണ പുരോഗതി വിലയിരുത്തി പണമായോ സാധനമായോ ഗഡുക്കളായി അനുവദിയ്ക്കാമെന്ന് വ്യവസ്ഥയുണ്ടെങ്കിലും ഫിഷറീസ് വകുപ്പ് വഹിക്കേണ്ട സബ്സിഡി സാധനമായോ, പണമായോ നൽകിയ രേഖകൾ ഹാജരാക്കിയിട്ടില്ല. യൂണിറ്റ് ചെലവിലെ ഘടകമായ മീൻതീറ്റ ഒഴികെയുള്ള സബ്സിഡി പൂർണ്ണമായും തദ്ദേശഭരണസ്ഥാപനത്തിൽ നിന്ന് നൽകിയിട്ടുള്ളതാണ്. ഫിഷറീസ് വകുപ്പ് പണമായോ സാധനമായോ സബ്സിഡി നൽകിയ രേഖകൾ ലഭ്യമാക്കാത്തതിനാൽ തദ്ദേശഭരണ സ്ഥാപനത്തിൽ നിന്ന് അധികമായി നൽകിയ 20,062/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പരിശോധനയ്ക്ക് ലഭ്യമാക്കിയ രേഖകളുടെ വിശദാംശങ്ങൾ താഴെപ്പറയും പ്രകാരമാണ്.

1) വീട്ടുവളപ്പിൽ കുളത്തിലെ മത്സ്യകൃഷി

| | |
|---|---|
| പദ്ധതി | എസ്.099/22 - വീട്ടുവളപ്പിൽ കുളത്തിലെ മത്സ്യകൃഷി - സുഭിക്ഷ കേരളം |
| അടങ്കൽ | 1,64,000/-രൂപ (തനത് ഫണ്ട് ) |
| ചെലവ് | 63,796/-രൂപ (ചെക്ക് നം.1/22.02.22) |

| നിർവഹണ ഉദ്യോഗസ്ഥൻ | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് |
|---|---|

| ക്രമ നം | ഗുണഭോക്താവിന്റെ പേരുവിവരം | ഇനം | ചെലവഴിച്ച തുക (രൂപ) | യൂണിറ്റ് ചെലവ് (രൂപ) | നൽകിയ സബ്സിഡി (രൂപ) | തദ്ദേശഭരണ സ്ഥാപനത്തിന് നൽകേണ്ടുന്ന സബ്സിഡി (2/3 Of 40%) (രൂപ) | ഫിഷറീസ് വകുപ്പ് നൽകേണ്ടുന്ന സബ്സിഡി (രൂപ) | തദ്ദേശഭരണ സ്ഥാപനം അധികം നൽകിയ സബ്സിഡി (രൂപ) |
|---|---|---|---|---|---|---|---|---|
| 1 | അജിത്ത് കുമാർ വേലംകുന്നിൽ വീട് | കുളം കുഴിക്കൽ | 20,500/- | 18,400/- | 7,360/- | | | |
| | | പോളിത്തീൻ ഷീറ്റും അനുബന്ധ സാമഗ്രികളും | 40,320/- | 38,000/- | 15,200/- | | | |
| | | വാട്ടർ പമ്പ്, വെഞ്ചുറി പമ്പ്, സംരക്ഷിത വല, മറ്റ് ഉപകരണങ്ങൾ | 19,050/- | 17,600/- | 6,220/- | | | |
| | | മത്സ്യവിത്ത് | 6,000/- | 6,000/- | 2,400/- | | | |
| | | മെഡിസിൻ | 1,820/- | 2,000/- | 728/- | | | |
| | | ആകെ | 87,690/- | 82,000/- | 31,908/- | 21,867/- | 10,934/- | 10,041/- |
| 2 | ബിജു.സി.ആർ ചാങ്ങയിൽ വീട് | കുളം കുഴിക്കൽ | 20,500/- | 18,400/- | 7,360/- | | | |
| | | പോളിത്തീൻ ഷീറ്റും അനുബന്ധ സാമഗ്രികളും | 40,320/- | 38,000/- | 15,200/- | | | |
| | | വാട്ടർ പമ്പ്, വെഞ്ചുറിപമ്പ്, സംരക്ഷിതവല, മറ്റ് ഉപകരണങ്ങൾ | 18,994/- | 17,600/- | 6,200/- | | | |
| | | മത്സ്യവിത്ത് | 6,000/- | 6,000/- | 2,400/- | | | |
| | | മെഡിസിൻ | 1,820/- | 2,000/- | 728/- | | | |
| | | ആകെ | 87,634/- | 82,000/- | 31,888/- | 21,867/- | 10,934/- | 10,021/- |
| | | | | | | | ആകെ | 20,062/- |

ഫിഷറീസ് വകുപ്പ് നൽകേണ്ട സബ്സിഡി തുക/സാധനങ്ങൾ കൈമാറിയ രേഖകൾ ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തുന്ന തുക - 20,062/-രൂപ

ഓഡിറ്റ് എൻക്വയറി നം. - 4/28.4.22

1-12 ഭവന നിർമ്മാണം - 2021-22 വർഷം കരാർ വച്ചെങ്കിലും ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ല.

വി.ഇ.ഒ നിർവ്വഹണം നടത്തിയ ലൈഫ് മിഷൻ മുഖേനയുള്ള ഭവന നിർമ്മാണത്തിനായി 2021-22 സാമ്പത്തിക വർഷം എഗ്രിമെന്റിലേർപ്പെട്ട് ആദ്യഗഡുക്കൾ കൈപ്പറ്റിയ ഗുണഭോക്താക്കൾ നാളിതുവരെയും ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ | പേര്, മേൽവിലാസം | കൈപ്പറ്റിയ തുക | ബിൽ |
|---|---|---|---|

| നം. | | (രൂപ) | നം/തീയതി |
|---|---|---|---|
| 1 | സുധി, കാവയ്യത്ത്, കൈതക്കോട് | 40,000/- | 7/3.11.21 |
| 2 | ഹരിജകുമാരി, പുറ്റുമൺകരവീട്, കൈതക്കോട് | 40,000/- | 7/3.11.21 |
| 3 | ശശികല, ശരണ്യഭവൻ, മാറനാട് | 40,000/- | 8/10.11.21 |
| 4 | ശ്യാംകുമാർ, ശ്യാംമന്ദിരം, ഇടവട്ടം | 40,000/- | 15/25.1.22 |
| 5 | ഇന്ദിര, ഇടക്കുന്നിൽ, ഇടവട്ടം | 40,000/- | 15/25.1.22 |
| 6 | ബിജു, ബിനീഷ് ഭവൻ, കൈതക്കോട് | 40,000/- | 15/25.1.22 |
| 7 | രാജു, കല്ലുവിളവീട്, മാറനാട് | 40,000/- | 15/25.1.22 |

ഇതു സംബന്ധിച്ച് നല്കിയ എൻക്വയറിയ്ക്ക് മേൽ വ്യക്തികളെക്കൊണ്ട് ഭവന നിർമ്മാണം 31.3.23-നകം പൂർത്തീകരിക്കുമെന്ന മറുപടിയാണ് ലഭ്യമാക്കിയത്. ഭവനനിർമ്മാണത്തിനായി തുക കൈപ്പറ്റിയ ശേഷം നാളിതുവരെ ഭവനനിർമ്മാണം ആരംഭിക്കാത്തതിനാൽ ടിയിനത്തിൽ ചെലവഴിച്ച 2,80,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. എത്രയും വേഗം ഭവന നിർമ്മാണം പൂർത്തീകരിച്ച് ലൈഫ് മിഷൻ പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. അല്ലാത്തപക്ഷം പ്രസ്തുത വ്യക്തികൾക്കു വേണ്ടി ചെലവഴിച്ച തുക പലിശ സഹിതം ഈടാക്കി ബന്ധപ്പെട്ട അക്കൌണ്ടിൽ ഒടുക്കുവരുത്തി രേഖകൾ ഹാജരാക്കേണ്ടതാണ്.

തടസ്സപ്പെടുത്തുന്ന തുക – 2,80,000/-രൂപ
ഓഡിറ്റ് എൻക്വയറി നം. – 6/28.9.21

1-13 പ്രോപ്പർട്ടി ടാക്സ് - തറനിർമ്മിതിക്കനുസരിച്ചുള്ള നികുതി വർദ്ധനവ് വരുത്തിയില്ല.

ഗ്രാമപഞ്ചായത്തിലെ 3-ാം വാർഡിലെ ശ്രീ.ജോബ് റൺ ജീവർഗ്ഗീസിന്റെ ഉടമസ്ഥതയിലുള്ള 1567-ാം നം. കെട്ടിടത്തിന്റെ നികുതി നിർണ്ണയരേഖകളിൽ കെട്ടിടത്തിന്റെ തറനിർമ്മിതി സാധാ തറയെന്നാണ് രേഖപ്പെടുത്തിയിരുന്നത്. 939.71 ച.മീറ്റർ വിസ്തൃതിയുള്ളതും ചോയിസ് സൂപ്പർ മാർക്കറ്റ് എന്ന സ്ഥാപനം പ്രവർത്തിക്കുന്നതുമായ മേൽ കെട്ടിടത്തിന്റെ സ്ഥലപരിശോധനയിൽ കെട്ടിടത്തിന്റെ മുഴുവൻ വിസ്തൃതിയും മേൽത്തരം ടൈൽസ് ഉപയോഗിച്ച് നിർമ്മിച്ചതാണെന്ന് ബോധ്യപ്പെട്ടു. എന്നാൽ നികുതി നിർണ്ണയത്തിൽ സാധാരണ തറയെന്ന് രേഖപ്പെടുത്തിയിട്ടുള്ളതിനാൽ മേൽത്തരം തറനിർമ്മിതിക്കുള്ള 15 ശതമാനം വർദ്ധനവ് ഉൾപ്പെടുത്തിയിട്ടില്ല . കെട്ടിടത്തിന്റെ നികുതി നിർണ്ണയ വിവരം ചുവടെ ചേർക്കുന്നു.

| നിർണ്ണയിച്ച നികുതി | നിർണ്ണയിക്കേണ്ടിയിരുന്ന വസ്തു നികുതി | ഈടാക്കിയതിൽ കുറവ് |
|---|---|---|
| അടിസ്ഥാന വസ്തു നികുതി 84573.9 - 8457 + 16914.78 = 93,032/-<br>+ ലൈബ്രറി സെസ്സ്- 4,652/-<br>(939.71 M2*90-84573.9)<br>ഇളവ് 10% കുറഞ്ഞ തരം മേൽക്കൂര നിർമ്മിതി – 8457 + വർദ്ധനവ് വഴിസൗകര്യം 20% 16914.78/ – 93,032/-) | അടിസ്ഥാന വസ്തു നികുതി- 84573.9 – 8457 + 29600.86 = 1,05,718/-<br>+ ലൈബ്രറി സെസ്സ്- 5,286/-<br>(939.71 M2* 90 – 84573.9)<br>ഇളവ് 10% കുറഞ്ഞ തരം മേൽക്കൂര നിർമ്മിതി - 8457 + വർദ്ധനവ് 35%(വഴിസൗകര്യം 20% + തറനിർമ്മിതി 15%) 29600.86/– 105718/-) | വസ്തു നികുതി 12686 + ലൈബ്രറി സെസ്സ് 634 |
| | ആകെ | 13,320/- |

2021 ഒന്നാം അർദ്ധവർഷം നികുതി നിർണ്ണയിച്ച് ഡിമാന്റ് ചെയ്തിട്ടുള്ള മേൽകെട്ടിടത്തിന്റെ നികുതി നിർണ്ണയത്തിലെ അപാകതമൂലം പ്രതിവർഷം നികുതിയിനത്തിൽ 12,686/-രൂപ നഷ്ടപ്പെടുന്ന അവസ്ഥയാണ് നിലവിലുള്ളത്. കെട്ടിടത്തിന്റെ നികുതി പുനർ നിർണ്ണയിച്ച് ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്. അല്ലാത്ത പക്ഷം വരവിനത്തിൽ നഷ്ടപ്പെടുന്ന തുക യഥാസമയം നികുതി നിർണ്ണയിച്ച് ഈടാക്കേണ്ടിയിരുന്നവരിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. മേൽ വിഷയം സംബന്ധിച്ച് നല്കിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

സ്ഥല പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട മറ്റ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

നിലവിലുള്ള കെട്ടിടത്തിന് സമീപം മറ്റൊരു കെട്ടിടം നിർമിക്കുന്നതായും നിലവിലുള്ള കെട്ടിടത്തിന്റെ ടോയ്‌ലറ്റ് ബ്ലോക്ക് പുതുതായി നിർമ്മിക്കുന്ന കെട്ടിടത്തിനും വളരെ പിൻവശത്തായതിനാൽ സൂപ്പർമാർക്കറ്റിലെത്തുന്ന ഭിന്നശേഷിക്കാർ ഉൾപ്പെടെയുള്ള പൊതുജനങ്ങൾക്ക് ടി ടോയ്‌ലറ്റ് ബ്ലോക്ക് കൊണ്ടുള്ള പ്രയോജനം നിലവിൽ ലഭിക്കാത്ത അവസ്ഥയിലാണ്. പുതുതായി നിർമിച്ച കെട്ടിടത്തിന്റെ പെർമിറ്റ് വിവരങ്ങൾ, നിലവിലുള്ള കെട്ടിടത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ എന്നിവ പരിശോധിച്ച് കെട്ടിടനിർമ്മാണ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് .

ഓഡിറ്റ് എൻക്വയറി നം. - 11/1-10-22

## 1-14 വസ്തുനികുതി - അസ്സസ്സ്മെന്റ് ഡിമാന്റ് തുകകളിൽ വ്യത്യാസം.

ഗ്രാമപഞ്ചായത്തിലെ 2021-22 വാർഷിക ധനകാര്യ പത്രിക, സഞ്ചയ സ്റ്റേറ്റ്മെന്റ് എന്നിവ പ്രകാരം ആകെ വസ്തു നികുതി ഡിമാന്റ് 51,49,766/-രൂപയാണ് (റസിഡൻഷ്യൽ- 24,92,161/- നോൺ-റസിഡൻഷ്യൽ- 26,57,605/-). 2020-21 വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള ആകെ വസ്തു നികുതി ഡിമാന്റും (48,38,573/-) 2021-22ലെ ആകെ വസ്തു നികുതി ഡിമാന്റും തമ്മിലെ വ്യത്യാസം 3,11,193/-രൂപ ആണെങ്കിലും സഞ്ചയ സോഫ്റ്റ് വെയറിലെ 1-4-21 മുതൽ 31-3-22 വരെയുള്ള സപ്ലിമെന്ററി അസ്സസ്സ്മെന്റ് രജിസ്റ്റർ പ്രകാരം നികുതി നിർണ്ണയിച്ച് ഡിമാന്റ് ചെയ്തിട്ടുള്ളത് 19 വാർഡുകളിലും കൂടി 7,23,845/-രൂപയാണ്. (സർക്കാർ ഉത്തരവ് പ്രകാരം നികുതിയിൽ നിന്ന് ഒഴിവാക്കിയവയും വിമുക്ത ഭടന്മാരുടെ കെട്ടിടങ്ങളും ഒഴികെയുള്ളവയുടെ ഡിമാന്റ്). വാർഡ് തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| വാർഡ് നം | സപ്ലിമെന്ററി അസ്സസ്സ്മെന്റ് രജിസ്റ്റർ പ്രകാരം നികുതി നിർണ്ണയിച്ച് ഡിമാന്റ് ചെയ്തിട്ടുള്ള തുക (രൂപ) |
|---|---|
| 1 | 21,315/- |
| 2 | 71,678/- |
| 3 | 1,60,894/- |
| 4 | 21,086/- |
| 5 | 21,121/- |
| 6 | 10,209/- |
| 7 | 71,484/- |
| 8 | 46,572/- |
| 9 | 91,698/- |
| 10 | 40,000/- |
| 11 | 17,808/- |
| 12 | 20,150/- |
| 13 | 9,396/- |

| | |
|---|---|
| 14 | 25,747/- |
| 15 | 9,360/- |
| 16 | 5,988/- |
| 17 | 31,186/- |
| 18 | 44,491/- |
| 19 | 3,662/- |
| ആകെ | 7,23,845/- |

സപ്ലിമെന്ററി അസ്സസ്സ്മെന്റ് രജിസ്റ്റർ പ്രകാരം നികുതി അസ്സസ്സ് ചെയ്ത് ഡിമാന്റ് ചെയ്തിട്ടുള്ളത് 7,23,845/-രൂപയാണെങ്കിലും വാർഷിക ധനകാര്യ പത്രിക, സഞ്ചയ സ്റ്റേറ്റ്മെന്റ് എന്നിവ പ്രകാരമുള്ള നികുതി, ഡിമാന്റ് കളക്ഷൻ ബാലൻസുകളുമായി വലിയ അന്തരമുള്ളതിനാലും 100% നികുതി വരവുള്ളതായതിനാൽ സ്ഥാപനത്തിന്റെ ആകെ നീക്കിയിരിപ്പ് തുകയിൽ മേൽ വ്യത്യാസം പ്രതിഫലിക്കുന്നതിനാലും മേൽ വിഷയത്തിൽ അടിയന്തിര നടപടികൾ സ്വീകരിച്ച് നികുതിവരവിന്റെ കൃത്യത ഓഡിറ്റിൽ ബോധ്യപ്പെടുത്തേണ്ടതാണ്. മേൽ വിഷയം സംബന്ധിച്ച് നല്കിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം. – 10/1-10-22

1-15 വസ്തു നികുതി - സേവന ഉപനികുതി ഈടാക്കുന്നില്ല.

ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും കേരളപഞ്ചായത്ത് രാജ് ആക്ടിലെ 207-ാം വകുപ്പ് ഒന്നാം ഉപവകുപ്പ് പ്രകാരം വസ്തുനികുതി, സേവന ഉപനികുതി എന്നിവയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റെയും ഉടമസ്ഥനിൽ നിന്ന്, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവ് വിളക്കുകളും ഡ്രയിനേജും എന്നിവ സംബന്ധിച്ച സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്തിന് 10%ത്തിൽ കുറയാത്ത സേവന ഉപനികുതി ചുമത്താവുന്നതാണെന്ന് 2011-ലെ വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിൽ (ചട്ടം 26) വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പൊതുജനങ്ങൾക്ക് മേൽ സേവനങ്ങൾ നല്കുന്നതിനായി വൻതുകകൾ ചെലവഴിക്കുന്നുണ്ടെങ്കിലും സേവന ഉപനികുതി ഈടാക്കുന്നില്ല. ചട്ടപ്രകാരമുള്ള സേവന ഉപനികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്. മേൽ വിഷയം സംബന്ധിച്ച് നല്കിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.
ഓഡിറ്റ് എൻക്വയറി നം – 11/1-10-22

1-16 അംഗൻവാടികളിൽ നെയിം ബോർഡ് സ്ഥാപിക്കൽ - ടെണ്ടർ സംബന്ധിച്ച രേഖകൾ ഹാജരാക്കിയില്ല.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നം | 223/22 അംഗൻവാടികളിൽ നെയിം ബോർഡ് സ്ഥാപിക്കൽ |
| അടങ്കൽ തുക | 81,000/-രൂപ, ഐ.സി.ഡി.എസ് ഫണ്ട് |
| ചെലവഴിച്ച തുക | 79,623/-രൂപ ചെക്ക് നം 149854/30-3-22 |

ഗ്രാമപഞ്ചായത്തിലെ സ്വന്തമായി കെട്ടിടമുള്ള 27 അംഗൻവാടികൾക്ക് നെയിംബോർഡ് സ്ഥാപിക്കുന്നതിനായി നടത്തിയ റീടെണ്ടറിൽ ലഭിച്ച രണ്ട് ടെണ്ടറുകളിലെ കുറഞ്ഞ തുകയായ 2,949/-രൂപ ക്വോട്ട് ചെയ്ത ശ്രീ.ബിജു, തെക്കേച്ചെരുവിൽ, കുളത്തുമൺ പി.ഒ, കൂടൽ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള എച്ച്.ബി.ഗ്രാഫിക്സ് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ച് 79,623/-രൂപ ചെലവിൽ നെയിം ബോർഡുകൾ സ്ഥാപിച്ചിരുന്നു. റീടെണ്ടറിൽ പങ്കെടുത്ത ശ്രീ.ബിജു,

തെക്കേച്ചെരുവിൽ, കുളത്തുമൺ പി.ഒ, കൂടൽ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള എച്ച്.ബി.ഗ്രാഫിക്സ്, പീടികയിൽ ബിൽഡിങ്ങ്, കുളത്തുമൺ എന്ന സ്ഥാപനത്തിന്റെയും ശ്രീമതി.നെജിമോൾ.ബി, W/O ശ്രീ.ബിജു, തെക്കേച്ചെരുവിൽ, കുളത്തുമൺ പി.ഒ, കൂടൽ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള സൈൻ സിറ്റി ഡിജിറ്റൽ മീഡിയ, തെക്കേച്ചെരുവിൽ ബിൽഡിങ്ങ്, കുളത്തുമൺ.പി.ഒ, കൂടൽ, പത്തനംതിട്ട എന്ന സ്ഥാപനത്തിന്റെയും ടെണ്ടറുകളിലെ രേഖകൾ പരിശോധിച്ചതിൽ എച്ച്.ബി.ഗ്രാഫിക്സ് എന്ന സ്ഥാപനത്തിന്റെ ജി.എസ്.ടി രജിസ്ട്രേഷൻ, പഞ്ചായത്തിൽ നിന്നുള്ള ലൈസൻസ് എന്നിവ ഹാജരാക്കിയിരുന്നെങ്കിലും സൈൻ സിറ്റി ഡിജിറ്റൽ മീഡിയയുടെ ജി.എസ്.ടി രജിസ്ട്രേഷൻ, പഞ്ചായത്തിൽ നിന്നുള്ള ലൈസൻസ് തുടങ്ങി രേഖകളൊന്നും ഫയലിനോടൊപ്പം ഹാജരാക്കിയില്ല. മേൽ രേഖകളില്ലാത്തതിനാൽ ടി സ്ഥാപനം നിലവിലുള്ളതാണോയെന്ന് ബോധ്യപ്പെട്ടിട്ടില്ല. കൂടാതെ പദ്ധതി റീ ടെണ്ടർ ചെയ്യാനുള്ള കാരണം ആദ്യ ടെണ്ടറിൽ ലഭിച്ച ടെണ്ടറുകളുടെ വിവരം, റീ ടെണ്ടർ നടപടി സ്വീകരിച്ചതിന്റെ കമ്മിറ്റി തീരുമാനം എന്നിവയും പരിശോധനയ്ക്ക് ഹാജരാക്കിയില്ല. മേൽ രേഖകൾ ഹാജരാക്കണമെന്ന് അറിയിച്ചുകൊണ്ട് എൻക്വയറി നല്കിയെങ്കിലും രേഖകൾ ഹാജരാക്കുകയോ മറുപടി ലഭ്യമാക്കുകയോ ചെയ്തില്ല. മേൽ രേഖകളുടെ അഭാവത്തിൽ പദ്ധതിക്ക് വേണ്ടി ചെലവഴിച്ച 79,623/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തുന്ന തുക - 79,623/-രൂപ

ഓഡിറ്റ് എൻക്വയറി നം - 2/27-9-22

1-17 പട്ടികജാതി കുട്ടികൾക്ക് മേശയും കസേരയും - ജില്ലാപഞ്ചായത്തിന്റെ മെച്ചപ്പെട്ട വിദ്യാഭ്യാസ പദ്ധതിയിൽ ഉൾപ്പെട്ട വിദ്യാർത്ഥിനിക്ക് ആനുകൂല്യം നല്കി.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | ഹെഡ്മിസ്ട്രസ് |
| പ്രോജക്ട് നം | 183/22 പട്ടികജാതി കുട്ടികൾക്ക് മേശയും കസേരയും. |
| അടങ്കൽ തുക | തുക 4,00,000/-രൂപ, എസ്.സി.പി. ഫണ്ട് |
| ചെലവഴിച്ച തുക | 3,50,000/- രൂപ ബിൽ നം 3/3-9-21 |

ഹെഡ്മിസ്ട്രസ് നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ മേൽ പദ്ധതിയുടെ അപേക്ഷകളുടെ പരിശോധനയിൽ ജില്ലാപഞ്ചായത്ത് നടപ്പിലാക്കുന്ന മെച്ചപ്പെട്ട വിദ്യാഭ്യാസ പദ്ധതി(better Education Scheme)യിലെ ആനുകൂല്യം കൈപ്പറ്റുന്നതാണെന്ന് സെന്റ് ജോൺസ് സ്കൂൾ, കാരുവേലിൽ നിന്നും സാക്ഷ്യപത്രം നല്കിയിട്ടുള്ള കുമാരി അക്ഷയ.ബി, കല്ലുവിള പടിഞ്ഞാറ്റതിൽ, കൈതകോട് എന്ന 10-ാം ക്ലാസ് വിദ്യാർത്ഥിനിക്ക് പദ്ധതി വഴി മേശയും കസേരയും നല്കിയിരിക്കുന്നതായി ബോധ്യപ്പെട്ടു. ജില്ലാ പഞ്ചായത്തിന്റെ മെച്ചപ്പെട്ട വിദ്യാഭ്യാസ പദ്ധതി (Better Education Scheme)യിൽ വിദ്യാർത്ഥികൾക്ക് പഠന അനുബന്ധ ചെലവുകൾ, താമസസൗകര്യം, ഭക്ഷണം അലക്കുകൂലി, സ്റ്റേഷനറി മുതലായവ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ജില്ലാപഞ്ചായത്തിൽ നിന്നും ലഭിക്കുന്നതിനാൽ ഗുണഭോക്തൃലിസ്റ്റിൽ അർഹരായ മറ്റ് വിദ്യാർത്ഥികളുണ്ടായിരിക്കെ ടി വിദ്യാർത്ഥിയെ ആനുകൂല്യം നല്കുന്നതിനായി തെരഞ്ഞെടുത്തതിന്റെ കാരണം അന്വേഷിച്ചുകൊണ്ട് നല്കിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കോവിഡ് കാലമായതിനാൽ ഓൺലൈൻ ക്ലാസ്സുകളാണ് നടന്നിരുന്നതെന്നും വീട്ടിൽ യാതൊരുവിധ പഠനസൗകര്യങ്ങളും ഇല്ലാതിരുന്നതിനാലും ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട് വന്നതിനാലും ആനുകൂല്യം നല്കിയെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. എന്നാൽ മെച്ചപ്പെട്ട വിദ്യാഭ്യാസ പദ്ധതി (Better Education Scheme)യിൽ ഉൾപ്പെട്ട കുമാരി അക്ഷയയ്ക്ക് കോവിഡ് കാലത്തെ പഠനത്തിനായി ജില്ലാപഞ്ചായത്തിൽ നിന്നും അനുവദിച്ച ആനുകൂല്യങ്ങൾ സംബന്ധിച്ച രേഖകൾ ഹാജരാക്കാത്തതിനാൽ ഗ്രാമപഞ്ചായത്തിൽ നിന്നും മേശയും കസേരയും നല്കുന്നതിന് വേണ്ടി ചെലവഴിച്ച 5,000/-രൂപ തടസ്സപ്പെടുത്തുന്നു. ജില്ലാ പഞ്ചായത്തിൽ നിന്നും മേൽ ആനുകൂല്യം

ലഭിച്ചിട്ടില്ലെന്ന സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തുന്ന തുക – 5,000/-രൂപ

ഓഡിറ്റ് എൻക്വയറി നം - 1/27-9-22

1-18 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ ചേർക്കുന്ന പദ്ധതിയുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതിയുടെ നം, പേര്, അടങ്കൽ തുക, ഫണ്ട്, സ്ഥാപനം | ചെലവഴിച്ച തുക (രൂപ) (ബിൽ നം) | തടസ്സപ്പെടുത്തുന്ന തുക (രൂപ) | റിമാർക്ക്സ് |
|---|---|---|---|---|
| 1 | 10/22 പി.എം.എ.വൈ-ബ്ലോക്ക് വിഹിതം നല്കൽ വികസനഫണ്ട് ജനറൽ 2,88,000/-, തനത്ഫണ്ട് 2,72,000/- | 5,60,000/- (ബിൽ നം 18/ 9-12-21 തുക- 2,88,000/-, തനത്ഫണ്ട് 2,72,000/- | 5,60,000/- | പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രം, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമായില്ല. |
| 2 | 15/22 പമ്പ് ഹൗസ് കോളനി സ്ട്രീറ്റ് മെയിൻ വലിക്കൽ വാർഡ് 6, വികസനഫണ്ട് എസ്.സി.പി | 42,244/- (ബിൽ നം 13/ 28-3-21) | 42,244/- | വിശദമായ പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമായില്ല. |
| 3 | 14/22 പകുതിപ്പാറ ചെറുവിളാകം കോളനി സ്ട്രീറ്റ് മെയിൻ വലിക്കൽ വാർഡ് 6, വികസനഫണ്ട് എസ്.സി.പി- 46,964/- | 46,964/- (ബിൽ നം 14/28-10-21) | 46,964/- | വിശദമായ പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമായില്ല. |
| 4 | 114/22 സ്ട്രീറ്റ് മെയിൻ വലിക്കൽ, തനത് ഫണ്ട്- 1,50,000/- | 1,49,978/- (ചെക്ക് നം 2928246/ 27-10-21) | 1,49,978/- | വിശദമായ പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമായില്ല. |
| 5 | 112/22 അംഗൻവാടി | 2,25,500/-(തുക- 2,00,000/- | 2,25,500/- | വിശദമായ |

| | | | | |
|---|---|---|---|---|
| | ഇലക്ട്രിഫിക്കേഷൻ, മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ്- 2,00,000/- തനത് ഫണ്ട്- 25,500/- | ബിൽ നം 9/16-8-21, തുക- 25,500/- ചെക്ക് നം 450196/ 15-8-21) | | പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമായില്ല. |
| 6 | 121/22 ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ, സി.എഫ്.സി. ഗ്രാന്റ്- 20,000/- | 13,086/-(പി.എഫ്.എം.എസ് വൗച്ചർ നം 1196/30-3-22) | 13,086/- | വിശദമായ പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമായില്ല. |
| 7 | 220/22 79-ാം നം അംഗൻവാടി കെട്ടിട നിർമ്മാണത്തിന് ബ്ലോക്ക് പഞ്ചായത്ത് ഷെയർ നല്കൽ, തനത്ഫണ്ട്- 6,00,000/- | 1,87,637/-(2928256 /29-12-21) | 1,87,637/- | വിശദമായ പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമായില്ല. |
| 8 | 244/22 തെങ്ങുവിള നെടുംചാലിൽ ഏലാ എസ്.സി.കോളനി സ്ട്രീറ്റ് മെയിൻ വലിക്കൽ വാർഡ് 1 വികസനഫണ്ട് എസ്.സി.പി- 1,59,654/- | 1,59,654/-(ബിൽ നം 26/22-3-22) | 1,59,654/- | വിശദമായ പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമായില്ല. |
| 9 | 190/22 5-ാം വാർഡിലെ 101-ാം നം അംഗൻവാടി കെട്ടിട നിർമ്മാണത്തിന് ബ്ലോക്ക് പഞ്ചായത്തിന് ഷെയർ നല്കൽ, തനത്ഫണ്ട്- 2,20,000/- | 2,20,000/-(ചെക്ക് നം (2928256/ 29-12-21) | 2,20,000/- | വിശദമായ പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമായില്ല. |
| 10 | 292/22 94-ാം നം അംഗൻവാടി വൈദ്യുതീകരണം വാർഡ് 10, മെയിന്റനൻസ് ഗ്രാന്റ് | 56,300/-(ബിൽ നം 29/25-3-22) | 56,300/- | വിശദമായ പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം, ധനവിനിയോഗ |

| | | | | |
|---|---|---|---|---|
| | നോൺറോഡ്- 58,055/- | | | സാക്ഷ്യപത്രം എന്നിവ ലഭ്യമായില്ല. |
| 11 | 262/22 കുടിവെള്ള പൈപ്പ് ലൈൻ നീട്ടി സ്ഥാപിക്കൽ, സി.എഫ്.സി.ഗ്രാന്റ് - 21,45,430/- | 21,45,430/-(ബിൽ നം 28/25-3-22) | 21,45,430/- | വിശദമായ പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമായില്ല. |
| | | ആകെ | 38,06,793/- | |

വിനിയോഗരേഖകളുടെ അഭാവത്തിൽ മേൽ പദ്ധതിക്ക് വേണ്ടി ചെലവഴിച്ച തുകകൾ തടസ്സപ്പെടുത്തുന്നു. പ്രവർത്തി പൂർത്തീകരിച്ചതിന്റെ രേഖകൾ, വിശദമായ ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തുന്ന തുക - 38,06,793/- രൂപ

ഓഡിറ്റ് എൻക്വയറി നം – 2/27-9-22

1-19 തെരുവ് വിളക്ക് പരിപാലനം - നടത്തിപ്പിലെ അപാകതകൾ

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റ് നം | 101/22 തെരുവ് വിളക്ക് പരിപാലനം |
| അടങ്കൽ തുക | 4,90,000/-രൂപ, തനത് ഫണ്ട് |
| ചെലവഴിച്ച തുക | 4,61,535/-രൂപ (ചെക്ക് നം 782714/30-3-22) |

2021-22 ൽ 4,90,000/-രൂപ അടങ്കൽ നിശ്ചയിച്ചിരുന്ന മേൽ പദ്ധതി നടത്തിപ്പിന് വേണ്ടി ടെണ്ടർ ക്ഷണിച്ചു കൊണ്ടുള്ള 10-8-21 ലെ ദർഘാസ് പരസ്യത്തിൽ തെരുവുവിളക്കുകൾ മുടക്കം കൂടാതെ പ്രകാശിപ്പിക്കുന്നതിന് ലേബർ ചാർജ്ജുൾപ്പെടെയുള്ള നിരക്കുകൾ ക്വോട്ട് ചെയ്യണമെന്നും ഒരു തെരുവ് വിളക്ക് മെയിന്റനൻസ് നടത്തി പ്രകാശിപ്പിക്കുന്നതിനുള്ള നിരക്കാണ് ക്വോട്ട് ചെയ്യേണ്ടതെന്നും കരാർ ലഭിക്കുന്നവർ ഒരു വർഷത്തെ വാറന്റി കൂടി മെയിന്റനൻസ് നടത്തിയ തെരുവ് വിളക്കുകൾക്ക് നല്കേണ്ടതാണെന്നും വ്യക്തമാക്കിയിരുന്നു. ടെണ്ടർ ക്ഷണിച്ചു കൊണ്ടുള്ള വിൻഡോ പരസ്യത്തിൽ മെയിന്റനൻസ് ചെയ്യേണ്ട ഉപകരണങ്ങളായി 1330 എൽ.ഇ.ഡി, 285 ഡബിൾ ട്യൂബ്സെറ്റ്, 950 സിംഗിൾ ട്യൂബ്സെറ്റ് എന്നതും ഉൾപ്പെടുത്തിയിരുന്നു. ലഭിച്ച ടെണ്ടറുകളിൽ നിന്നും 3-9-21 ലെ 3(1) കമ്മിറ്റി തീരുമാനപ്രകാരം കുറഞ്ഞ നിരക്ക് ( ഡബിൾ ട്യൂബ്സെറ്റിന് 455/-, സിംഗിൾ ട്യൂബ് ക്രോംപ്ടൺ 240/-, എൽ.ഇ.ഡി 12 വാട്ട് – 245/- എന്നീ നിരക്കുകൾ ) ക്വോട്ട് ചെയ്ത ശ്രീ.ഉണ്ണികൃഷ്ണപിള്ള, ഗോപമന്ദിരം എന്ന വ്യക്തിയുടെ ടെണ്ടർ അംഗീകരിച്ച് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിൽ ശ്രദ്ധയിൽപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു. 2021 സെപ്റ്റംബർ മുതൽ ഒരു വർഷത്തേക്കുള്ള മെയിന്റനൻസിനാണ് കരാറിലേർപ്പെട്ടിരുന്നത്.

1. കെ.എസ്.ഇ.ബിയുമായി സംയുക്തപരിശോധന നടത്തി തെരുവ് വിളക്കുകളുടെ എണ്ണം, ഇനം എന്നിവയുടെ കൃത്യമായ കണക്കുകൾ തയ്യാറാക്കുകയോ തെരുവ് വിളക്ക് രജിസ്റ്റർ കൃത്യമായ രേഖപ്പെടുത്തൽ വരുത്തി പരിപാലിക്കുകയോ ചെയ്യുന്നില്ല. തെരുവ് വിളക്കുകളുടെ എണ്ണം സംബന്ധിച്ച കൃത്യമായ രേഖകളില്ലാത്ത സാഹചര്യത്തിൽ കൃത്യമായ എണ്ണം സൂചിപ്പിച്ച് ടെണ്ടർ ക്ഷണിച്ചതെങ്ങനെയെന്ന് വ്യക്തമല്ല.

2. കരാർ കാലയളവിൽ എല്ലാ ബൾബുകളും മാറ്റിയിടേണ്ട സാഹചര്യം ഇല്ലാത്തതിനാൽ മെയിന്റനൻസ് മാത്രം നടത്തുന്ന പോസ്റ്റുകളിലും ബൾബുകളുടെ വില ഉൾപ്പെടെ ക്വോട്ട് ചെയ്ത മുഴുവൻ തുകയും നല്കേണ്ടി വരുന്നതിനാൽ മെയിന്റനൻസും ബൾബിന്റെ വിലയുമുൾപ്പെടെയുള്ള ഒറ്റ നിരക്ക് ആവശ്യപ്പെട്ടതിന്റെയും അംഗീകരിച്ചതിന്റെയും കാരണം വ്യക്തമാക്കിയിട്ടില്ല.

3. തെരുവ് വിളക്കുകളുടെ ' വാട്ട് ' തിരിച്ചുള്ള വില ക്വോട്ട് ചെയ്യണമെന്ന നിർദ്ദേശം നൽകാത്തത് മൂലം ക്വട്ടേഷൻ സമർപ്പിച്ചവർ വിവിധ വാട്ടുകളിലുള്ള ബൾബുകളുടെ നിരക്കുകളാണ് രേഖപ്പെടുത്തിയിരുന്നത്. അതിനാൽ കുറഞ്ഞ നിരക്ക് തെരഞ്ഞെടുത്തതിന്റെ കൃത്യത ബോദ്ധ്യപ്പെട്ടിട്ടില്ല.

4. കരാറുകാരൻ രേഖപ്പെടുത്തിയ 12 വാട്ടുള്ള എൽ.ഇ.ഡി ബൾബുകൾ ഉപയോഗിക്കുന്നതിനുള്ള നിരക്കാണ് അംഗീകരിച്ചതെങ്കിലും ടിയാൾ മെയിന്റനൻസിനായി 12 വാട്ടുള്ള എൽ.ഇ.ഡി ബൾബുകൾ വാങ്ങിയതിന്റെയോ സിംഗിൾ ട്യൂബ്, ഡബിൾ ട്യൂബ്സെറ്റ് എന്നിവ വാങ്ങിയതിന്റെയോ യാതൊരു രേഖകളും പരിശോധിക്കാതെയാണ് എൽ.ഇ.ഡി ലാമ്പുകൾക്കും മറ്റുള്ളവയ്ക്കും മെയിന്റനൻസ് ചാർജ് നല്കിയിട്ടുള്ളത്.

5. തെരുവ് വിളക്കുകളുടെ പരാതി രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. അതിനാൽ പരാതിയിൽ ആവശ്യപ്പെട്ട പ്രകാരമാണോ മെയിന്റനൻസ് നടത്തിയതെന്ന് വ്യക്തമല്ല.

6. എൽ.ഇ.ഡി വിളക്ക് സ്ഥാപിക്കൽ എന്ന പദ്ധതി വഴി രണ്ട് വർഷ വാറന്റിയോട് കൂടിയ 126 എൽ.ഇ.ഡി ലൈറ്റുകൾ (25 വാട്ട്) 2021-22ൽ സ്ഥാപിച്ചിട്ടുണ്ട്. പുതിയ തെരുവ് വിളക്കുകൾ വാറന്റി പീരിയഡിലുള്ളതായതിനാൽ ടി വിളക്കുകൾക്ക് മെയിന്റനൻസ് ആവശ്യമായി വരുന്നില്ല. എന്നാൽ ടി വിളക്കുകളുടെ എണ്ണം ആകെ വിളക്കുകളുടെ എണ്ണത്തിൽ കുറവ് ചെയ്തിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കണമെന്ന് സൂചിപ്പിച്ചുകൊണ്ട് നല്കിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. നടപടിക്രമങ്ങളിലെ അപാകതകൾ മൂലം പദ്ധതിക്ക് വേണ്ടി ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു. പഞ്ചായത്ത് പരിധിയിലെ വാറന്റി പീരിയഡിലുള്ള തെരുവു വിളക്കുകളൊഴികെയുള്ളവയുടെ എണ്ണം കൃത്യമാക്കി കരാറുകാരന് നല്കിയ തുക കൃത്യമാക്കേണ്ടതും അധികമായി തുക നല്കിയിട്ടുണ്ടെങ്കിൽ തിരികെ ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതുമാണ്.

തടസ്സപ്പെടുത്തുന്ന തുക – 4,61,535/-രൂപ
ഓഡിറ്റ് എൻക്വയറി നം - 2/27-9-22

1-20 റോഡ് മെയിന്റനൻസ് ആവശ്യമായ ഫണ്ട് വകയിരുത്തുന്നില്ല - മെയിന്റനൻസ് ഫണ്ട് ലാപ്സായി.

പഞ്ചായത്തിലെ മരാമത്ത് പ്രവത്തികളിൽ 95% പ്രവൃത്തികൾക്കും 2,00,000/-രൂപയാണ് അടങ്കൽ വകയിരുത്തിയിട്ടുള്ളത്. ഒരു റോഡിന്റെ ഏതെങ്കിലും ഒരു ഭാഗത്ത് 40m മുതൽ 100m വരെയുള്ള ഭാഗം കോൺക്രീറ്റ് ചെയ്യുവാനോ, റീ കോൺക്രീറ്റ് ചെയ്യുവാനോ ഉള്ള പ്രവൃത്തികളാണ് നടപ്പിലാക്കിയിട്ടുള്ളത്. പ്രോജക്ട് നം. 228/22 ആറ്റൂർ-തെങ്ങുവിള റോഡ് മെയിന്റനൻസ് പ്രവൃത്തി പഞ്ചായത്ത് അസി.എൻജിനീയറുമായി നടത്തിയ സ്ഥല പരിശോധനയിൽ 136 മീ. നീളമുള്ള ഈ റോഡിന്റെ മുഴുവൻ ഭാഗവും തകർന്ന നിലയിൽ കാണപ്പെട്ടു.
ഈ റോഡിന്റെ 36 മീ. നീളത്തിൽ മാത്രം മെയിന്റനൻസ് ചെയ്തിരിക്കുന്നു. പഞ്ചായത്തിലെ ഭൂരിപക്ഷം റോഡിന്റെയും സ്ഥിതി ഇതാണെന്നിരിക്കെ മതിയായ ഫണ്ട് വകയിരുത്താതെ തകർന്ന റോഡിന്റെ കുറച്ചുഭാഗം മാത്രം മെയിന്റനൻസ് ചെയ്യാനുള്ള ഫണ്ടാണ് വകയിരുത്തുന്നത്. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി നം.9/29.9.22 ന ഭരണ സമിതി അംഗീകരിച്ചു തരുന്ന പ്രവൃത്തികളാണ് നടപ്പിലാക്കുന്നതെന്നും വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വിഭജിക്കുന്നതിലാണ് കുടുതൽ തുക വകയിരുത്താൻ സാധിക്കാത്തതെന്നും മറുപടി നല്കി. ഈ സാഹചര്യത്തിലാണ് മെയിന്റനൻസ്

ഗ്രാന്റായി ലഭിച്ച (റോഡ്) 39,54,954/-രൂപ വിനിയോഗിക്കാതെ പാഴാക്കിയത്. വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വിഭജനം നടത്താതെ കൂടുതൽ വിശാലമായ കാഴ്ചപാടിൽ റോഡുകൾ പൂർണ്ണമായും പ്രയോജനകരമാക്കൻ ആവശ്യമായ ഫണ്ട് മെയിന്റനൻസ് പ്രവൃത്തികൾക്ക് വകയിരുത്തേണ്ടതാണ്.

സ്പിൽ ഓവർ ഉൾപ്പെടെ 122 പ്രോജക്ടുകളാണ് ഈ സാമ്പത്തിക വർഷം നിർവഹണത്തിന ഉണ്ടായിരുന്നത്. ഇതിൽ 85 പ്രവൃത്തികൾ മാത്രമാണ് നടപ്പിലാക്കിയത്. മരാമത്ത് പ്രവൃത്തികളുടെ നിർവഹണത്തിൽ ഭരണ സമിതി കൂടുതൽ ജാഗ്രത പാലിക്കേണ്ടതാണ്.

1-21 73,225/-രൂപയുടെ മരുന്നുകൾ നാളിതുവരെ ലഭ്യമായില്ല.

പ്രോജക്ട് നം. – 26/22 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന വാങ്ങൽ

അടങ്കൽ - 1,00,000/-രൂപ ( മെയിന്റനൻസ് ഗ്രാന്റ് – നോൺ റോഡ്)

നിർവ്വഹണം – മെഡിക്കൽ ഓഫീസർ (ഹോമിയോ)

ഇൻവോയിസ് നം.PF 615/24/9/21 പ്രകാരം 1,00,000/-രൂപ (ബിൽ നം.1/22 തീ.9-12-21) മരുന്നുകൾ ലഭ്യമാക്കാൻ ഹോംകോയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ 26,775/-രൂപയുടെ മരുന്നുകളെ ലഭ്യമായിട്ടുള്ളൂ. ശേഷിക്കുന്ന 73,225/-രൂപയുടെ മരുന്നുകൾ ലഭ്യമാക്കാത്തതിനാൽ ഈയിനത്തിലെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത രേഖകൾ ഹാജരാക്കി 73,225/-രൂപയുടെ തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തുന്ന തുക – 73,225/-രൂപ

ഓഡിറ്റ് എൻക്വയറി നം.7/28-9-22

1-22 തൊഴിലുറപ്പ് പദ്ധതി - അവലോകനം

2021-22 വർഷത്തിലെ ലേബർ ബഡ്ജെറ്റ് പ്രകാരം 7,06,19,000/-രൂപയുടെ പദ്ധതികൾ തയ്യാറാക്കിയിരുന്നു. മുൻ വർഷങ്ങളിലെ കുടിശിക വേതനം ഉൾപ്പെടെ 6,00,69,027/-രൂപ വേതനമിനത്തിൽ നൽകിയിട്ടുണ്ട്. അൺസ്കിൽഡ് വേതനമായി 5,49,85,073/-രൂപയും സ്കിൽഡ് /സെമിസ്കിൽഡ് വേതനമായി 1,28,88,342/-രൂപയും മെറ്റീരിയൽസ് വിലയായി 37,92,000/-രൂപയും ചെലവഴിച്ചിട്ടുണ്ട്. 2675 തൊഴിലാളികൾക്ക് 184367 തൊഴിൽ ദിനങ്ങൾ നൽകിയിട്ടുണ്ട്.

വാട്ടർ കൺസർവേഷൻ, ഭൂവികസനം എന്നീ പ്രവൃത്തികളാണ് പ്രധാനമായും നടപ്പിലാക്കിയത്. തൊഴുത്ത് നിർമ്മാണം, കിണർ നിർമ്മാണം റോഡ് കോൺക്രീറ്റ് പ്രവൃത്തികളും നടപ്പിലാക്കി. റോഡ് കോൺക്രീറ്റ് പ്രവൃത്തികളുടെ മെറ്റീരിയൽസ് ബിൽ തുകയിൽ നിന്നും ജി.എസ്.റ്റി തുക ഈടാക്കാതെയാണ് ബിൽ തയ്യാറാക്കിയിരിക്കുന്നത്. എന്നാൽ നാളിതുവരെ ഫണ്ടിന്റെ ലഭ്യത കുറവുമൂലം ബിൽ തുക നൽകിയിട്ടില്ല. 2,50,000/-രൂപയിൽ കൂടുതലുള്ള ബിൽ തുകയിൽ നിന്നും ജി.എസ്.റ്റി യും, എല്ലാ കരാർ ബില്ലിൽ നിന്നും ആദായ നികുതിയും ഈടാക്കേണ്ടതാണ്.

ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതാണ്. കൂടുതൽ മെറ്റീരിയൽ വർക്കുകൾ ഏറ്റെടുത്ത് നടപ്പിലാക്കേണ്ടതാണ്.

1-23 മരുന്നുകളും ഉപകരണങ്ങളും പൂർണമായും ലഭ്യമായില്ല.

പ്രോജക്ട് നം. 43/22 - കുടുംബാരോഗ്യകേന്ദ്രത്തിന മരുന്ന വാങ്ങൽ

നിർവ്വഹണം – മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)

അടങ്കൽ – 9,63,250/-രൂപ (മെയിന്റനൻസ് ഗ്രാന്റ് – നോൺ റോഡ്)

തനതുഫണ്ട്- 36,750/-രൂപ

ആകെ - 10,00,000/-രൂപ

ടി പ്രോജക്ട് പ്രകാരം ചുവടെ ചേർത്തിരിക്കുന്ന തുകകൾ കേരളാ മെഡിക്കൽ സർവീസ് കോർപ്പറേഷന് നൽകിയിരിക്കുന്നു. എന്നാൽ നാളിതുവരെ മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇൻവോയ്സ് നം. | നൽകിയ തുക (രൂപ) | ബിൽ നം. | ലഭ്യമായ മരുന്നിന്റ വില (രൂപ) | ലഭ്യമാകാൻ ബാക്കി നില്ക്കുന്ന മരുന്നിന്റ വില(രൂപ) |
|---|---|---|---|---|---|
| 1 | PFR/3699 /30-11-21 | 4,50,000/- | 9/14-12—21 | 3,32,598/- | 1,18,402/- |
| 2 | PFR/5862 /18-2-22 | 13,415/- | 14/9-3-22 | 3,400/- | 10,015/- |
| 3 | PFR/6609 /07-03-22 | 10,260/- | 16/11-3-22 | 10,214/- | 46/- |
| 4. | PFR/4921 /20-01-22 | 4,84,761/- | 13/27-1-22 | 3,66,970/- | 1,17,791/- |
| | | | | ആകെ | 2,46,214/- |

2. പ്രോജക്ട് നം. – 106/22 സ്വാന്തന പരിചരണ പദ്ധതി

അടങ്കൽ - 6,00,000/-രൂപ (4,00,000/-വികസന ഫണ്ട്, 2,00,000/- തനതുഫണ്ട്)

| ക്രമ നം. | ഇൻവോയ്സ് നം. | നൽകിയ തുക(രൂപ) | ബിൽ നം. | ലഭ്യമായ മരുന്നിന്റ വില (രൂപ) | ലഭ്യമാകാൻ ബാക്കി നില്ക്കുന്ന മരുന്നിന്റ വില (രൂപ) |
|---|---|---|---|---|---|
| 1 | PFR/4049 /13-12-21 | 50,000/- | 11/18-01-22 | 41,694/- | 8,306/- |

3. ചെക്ക് നം. ജെ.എൻ 3581029/23-2-22 പ്രകാരം ചുവടെ ചേർക്കുന്ന ഉപകരണങ്ങൾ/മരുന്നുകൾ ലഭ്യമാക്കാൻ 1,24,000/-രൂപ ഇൻവോയിസ് നം. PFR5554/8-2-22 പ്രകാരം നൽകിയിരുന്നു. 75,343/-രൂപയുടെ ഉപകരണങ്ങളേ നാളിതുവരെ ലഭ്യമായുള്ളു. ലഭ്യമാകാൻ ബാക്കി നിൽക്കുന്നവയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം. | എണ്ണം |
|---|---|---|
| 1 | Wheel Chair | 2 |
| 2 | Levipil 10 Ml | 15 |
| 3 | Levipil 500 Mg Tab | 370 |
| 4 | Commode Chair | 10 |
| 5 | Walker Adj.folding | 10 |
| 6 | Erythropoietin | 85 |
| 7 | Glimpride 2mg | 15 |

ഇവ ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. – 8/28.09.22

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 പ്രോപ്പർട്ടി ടാക്സ് - തറനിർമ്മിതിക്കനുസരിച്ചുള്ള നികുതി വർദ്ധനവ് വരുത്തിയില്ല.

ഗ്രാമപഞ്ചായത്തിലെ 3-ാം വാർഡിലെ ശ്രീ.ജോബ് റൺ ജീവർഗ്ഗീസിന്റെ ഉടമസ്ഥതയിലുള്ള 1567-ാം

നം. കെട്ടിടത്തിന്റെ നികുതി നിർണ്ണയരേഖകളിൽ കെട്ടിടത്തിന്റെ തറനിർമ്മിതി സാധാ തറയെന്നാണ് രേഖപ്പെടുത്തിയിരുന്നത്. 939.71 ച.മീറ്റർ വിസ്തൃതിയുള്ളതും ചോയിസ് സൂപ്പർ മാർക്കറ്റ് എന്ന സ്ഥാപനം പ്രവർത്തിക്കുന്നതുമായ മേൽ കെട്ടിടത്തിന്റെ സ്ഥലപരിശോധനയിൽ കെട്ടിടത്തിന്റെ മുഴുവൻ വിസ്തൃതിയും മേൽത്തരം ടൈൽസ് ഉപയോഗിച്ച് നിർമ്മിച്ചതാണെന്ന് ബോധ്യപ്പെട്ടു. എന്നാൽ നികുതി നിർണ്ണയത്തിൽ സാധാരണ തറയെന്ന് രേഖപ്പെടുത്തിയിട്ടുള്ളതിനാൽ മേൽത്തരം തറനിർമ്മിതിക്കുള്ള 15 ശതമാനം വർദ്ധനവ് ഉൾപ്പെടുത്തിയിട്ടില്ല . കെട്ടിടത്തിന്റെ നികുതി നിർണ്ണയ വിവരം ചുവടെ ചേർക്കുന്നു.

| നിർണ്ണയിച്ച നികുതി | നിർണ്ണയിക്കേണ്ടിയിരുന്ന വസ്തു നികുതി | ഈടാക്കിയതിൽ കുറവ് |
|---|---|---|
| അടിസ്ഥാന വസ്തു നികുതി 84573.9 - 8457 + 16914.78 = 93,032/-<br>+ ലൈബ്രറി സെസ്സ്- 4,652/-<br>(939.71 M2*90-84573.9)<br>ഇളവ് 10% കുറഞ്ഞ തരം മേൽക്കൂര നിർമ്മിതി – 8457 + വർദ്ധനവ് വഴിസൗകര്യം 20% 16914.78/ – 93,032/-) | അടിസ്ഥാന വസ്തു നികുതി- 84573.9 – 8457 + 29600.86 = 1,05,718/-<br>+ ലൈബ്രറി സെസ്സ്- 5,286/-<br>(939.71 M2* 90 – 84573.9)<br>ഇളവ് 10% കുറഞ്ഞ തരം മേൽക്കൂര നിർമ്മിതി - 8457 + വർദ്ധനവ് 35%(വഴിസൗകര്യം 20% + തറനിർമ്മിതി 15%) 29600.86/– 105718/-) | വസ്തു നികുതി 12686 + ലൈബ്രറി സെസ്സ് 634 |
| | ആകെ | 13,320/- |

2021 ഒന്നാം അർദ്ധവർഷം നികുതി നിർണ്ണയിച്ച് ഡിമാന്റ് ചെയ്തിട്ടുള്ള മേൽകെട്ടിടത്തിന്റെ നികുതി നിർണ്ണയത്തിലെ അപാകതമൂലം പ്രതിവർഷം നികുതിയിനത്തിൽ 12,686/-രൂപ നഷ്ടപ്പെടുന്ന അവസ്ഥയാണ് നിലവിലുള്ളത്. കെട്ടിടത്തിന്റെ നികുതി പുനർ നിർണ്ണയിച്ച് ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്. അല്ലാത്ത പക്ഷം വരവിനത്തിൽ നഷ്ടപ്പെടുന്ന തുക യഥാസമയം നികുതി നിർണ്ണയിച്ച് ഈടാക്കേണ്ടിയിരുന്നവരിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. മേൽ വിഷയം സംബന്ധിച്ച് നല്കിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

സ്ഥല പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട മറ്റ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

നിലവിലുള്ള കെട്ടിടത്തിന് സമീപം മറ്റൊരു കെട്ടിടം നിർമിക്കുന്നതായും നിലവിലുള്ള കെട്ടിടത്തിന്റെ ടോയ്ലറ്റ് ബ്ലോക്ക് പുതുതായി നിർമ്മിക്കുന്ന കെട്ടിടത്തിനും വളരെ പിൻവശത്തായതിനാൽ സൂപ്പർമാർക്കറ്റിലെത്തുന്ന ഭിന്നശേഷിക്കാർ ഉൾപ്പെടെയുള്ള പൊതുജനങ്ങൾക്ക് ടി ടോയ്ലറ്റ് ബ്ലോക്ക് കൊണ്ടുള്ള പ്രയോജനം നിലവിൽ ലഭിക്കാത്ത അവസ്ഥയിലാണ്. പുതുതായി നിർമിച്ച കെട്ടിടത്തിന്റെ പെർമിറ്റ് വിവരങ്ങൾ, നിലവിലുള്ള കെട്ടിടത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ എന്നിവ പരിശോധിച്ച് കെട്ടിടനിർമ്മാണ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് .

ഓഡിറ്റ് എൻക്വയറി നം. - 11/1-10-22

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | 29.9.22, 30.9.22 | കെ.എസ്.എ.കെ.എൽ.എം.പി.11/1847/2022 തീയതി – 26.10.2022 |

## 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

(മാർഗ്ഗരേഖ ലംഘിക്കുന്നുണ്ടെങ്കിൽ പ്രത്യേകം പരാമർശിക്കണം.)

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക (രൂപ) | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് | 2021-22 | 7,00,000/- | ലൈഫ് | 7,00,000/- | 0 |
| ജില്ലാപഞ്ചായത്ത് | 2021-22 | 8,00,000/- | എസ്.എൻ.പി | 8,00,000/- | 0 |
| ജില്ലാപഞ്ചായത്ത് | 2021-22 | 3,39,453/- | പാൽ സബ്സിഡി | 3,39,453/- | 0 |
| ജില്ലാപഞ്ചായത്ത് | 2021-22 | 1,00,000/- | സ്കോളർഷിപ്പ് | 1,00,000/- | 0 |
| ജില്ലാപഞ്ചായത്ത് | 2021-22 | 2,00,000/- | എസ്.എൻ.പി | 2,00,000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 4,14,000/- | നെല്ല് വികസനം | 4,14,000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 14,80,000/- | ലൈഫ് | 14,80,000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 2,50,000/- | സ്കോളർഷിപ്പ് | 2,50,000/- | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക (രൂപ) | ചെലവഴിച്ച തുക (രൂപ) | ചെലവഴിക്കാൻ ബാക്കിയുള്ള തുക (രൂപ) |
|---|---|---|---|---|---|
| KWA | കുടിവെള്ളപദ്ധതി | 22101248 | 21,45,430/- | 21,45,430/- | 0 |
| KSEB | 14/22-സ്ട്രീറ്റ് മെയിൻ-ലൈൻ എക്സ്റ്റൻഷൻ | 22100821 | 46,964/- | 46,964/- | 0 |
| KSEB | 15/22 – സ്ട്രീറ്റ് മെയിൻ – ലൈൻ എക്സ്റ്റൻഷൻ | 221008222 | 42,244/- | 42,244/- | 0 |
| KSEB | 114/22 സ്ട്രീറ്റ് മെയിൻ – ലൈൻ എക്സ്റ്റൻഷൻ | 22100542 | 1,49,978/- | 1,49,978/- | 0 |
| KSEB | 244/22 സ്ട്രീറ്റ് മെയിൻ – ലൈൻ എക്സ്റ്റൻഷൻ | 22101241 | 1,59,654/- | 1,58,654/- | 0 |
| KSEB | പോസ്റ്റ് ഷിഫ്റ്റിംഗ് | 22101161 | 13,086/- | 13,086/- | 0 |
| PWD | 112/22 – അംഗൻവാടി ഇലക്ട്രിഫിക്കേഷൻ | 22100309 | 25,500/- | 25,500/- | 0 |
| PWD | 292/22 അംഗൻവാടി ഇലക്ട്രിഫിക്കേഷൻ | 22101247 | 56,300/- | 56,300/- | 0 |
| PWD | അംഗൻവാടി ഇലക്ട്രിഫിക്കേഷൻ | 22100790 | 2,00,000/- | 2,00,000/- | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക(രൂപ) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (രൂപ) | തൻവർഷം തിരിച്ചടച്ച തുക (രൂപ) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (രൂപ) |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് | G.O.(M.S)NO.68/2018LSGD | 0 | 2,27,99,777/- | 34,90,667/- | - | 1,93,09,110/- |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 68,856/-രൂപയുടെ വിശദാംശങ്ങൾ താഴെകൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഖണ്ഡിക | ഈടാക്കിയ തുക (രൂപ) | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം/ തീയതി |
|---|---|---|---|---|
| 2015-16 | 3.4.1 | 360/- | ഷീജ മാത്യു | 121010102097/ 3.1.22 |
| 2015-16 | 3.4.2 | 120/- | ലീന.പി.നായർ | 121010101911/27.12.21 |
| 2018-19 | 1.20.2 | 10,329/- | ഷിജു, കോൺട്രാക്ടർ | 121010101640/30.11.21 |
| 2018-19 | 1.20.2 | 4,000/- | ഷിജു, കോൺട്രാക്ടർ | 21010101641/30.11.21 |
| 2018-19 | 1.20.2 | 3,000/- | ഷിജു, കോൺട്രാക്ടർ | 121010101707/30.11.21 |
| 2018-19 | 1.22 | 8,192/- | പി.സുരേന്ദ്രൻ, കോൺട്രാക്ടർ | 121010101642/6.12.21 |
| 2018-19 | 1.23.1 | 6,000/- | വിശ്വംഭരൻ, കോൺട്രാക്ടർ | 121010101716/8.12.21 |
| 2018-19 | 1.20.3 | 3,934/- | വിശ്വംഭരൻ, കോൺട്രാക്ടർ | 121010101716/8.12.21 |
| 2018-19 | 1.21.3 | 3,758/- | രാജു, കോൺട്രാക്ടർ | 121010101750/13.12.21 |
| 2018-19 | 1.21.3 | 6,140/- | രാജു, കോൺട്രാക്ടർ | 121010101751/13.12.21 |
| 2018-19 | 1.20.1, .3.5 | 17,122/- | ജയിംസ്, കോൺട്രാക്ടർ | 121010101916/27.12.21 |
| 2018-19 | 1.23.12, 3.6 | 5,901/- | ജയിംസ്, കോൺട്രാക്ടർ | 121010101917/27.12.21 |
| | ആകെ | 68,856/- | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് | ഖണ്ഡിക | സമാഹൃത | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| വർഷം | | റിപ്പോർട്ട് വർഷം | | | |
| 1998-99 | 37 | 2004-05 | 3-1 | തൊഴിൽ പരിശീലന കേന്ദ്രം ലക്ഷ്യം കൈവരിച്ചില്ല | അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |
| 2007-08 | സ്പെഷ്യൽ റിപ്പോർട്ട് | 2011-12 | 4-6 | ആശ്രയാ പദ്ധതി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് മുൻപ് തുകചെലവഴിച്ചു. | അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |
| 2014-15 | വിഷയാധിഷ്ഠിത അവലോകനം റിപ്പോർട്ടുകൾ നിഷ്ക്രീയ ആസ്തികൾ | 2014-15 | 4.1.6 4.1.7 | | 1997-98 വർഷം എം പി ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച പിഎച്ച്സി കെട്ടിടം 2013-14 വർഷം 5,55,306/-രൂപ ചെലവഴിച്ച തുക പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തി. 2015-16 വാർഷിക പദ്ധതിയിൽ 3,00,000/-രൂപ വകയിരുത്തിയിരുന്നു. പുനരുദ്ധാരണ പ്രവൃത്തി സ്പിൽഓവർ പ്രോജക്ട് തുടരുന്നു. |
| 2014-15 | വിഷയാധിഷ്ഠിത അവലോകനം നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണം | 2014-15 | 4.2.15 | ചാലായത്ത് കടവിൽ നദീതീരം കൈയ്യേറി കൃഷി ചെയ്യുന്നു. | ചാലായത്ത് കടവിൽ കൃഷി നടത്തുന്ന ടി സ്ഥലം പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതാണോ എന്നറിയുന്നതിനായി വില്ലേജ് ഓഫീസർക്ക് കത്തു നൽകി തുടർനടപടി സ്വീകരിച്ചുവരുന്നു. |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ).പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |

| | | | |
|---|---|---|---|
| 2-1 | 13,320/- | | ശ്രീ. വൈ. നിസാർ, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-11 | 20,062/- | ശ്രീമതി.താര.ജെ.ജെ, ഫിഷറീസ് സബ് ഇൻസ്പെക്ടർ |
| 1-12 | 2,80,000/- | ശ്രീമതി.ശാന്തി.ആർ, വി.ഇ.ഒ |
| 1-16 | 79,623/- | ശ്രീ.വൈ. നിസാർ, സെക്രട്ടറി |
| 1-17 | 5,000/- | ശ്രീമതി സുലത, ഹെഡ്മിസ്ട്രസ് |
| 1-18 | 38,06,793/- | ശ്രീ.വൈ. നിസാർ, സെക്രട്ടറി |
| 1-19 | 4,61,535/- | ശ്രീ.വൈ. നിസാർ, സെക്രട്ടറി |
| 1-21 | 73,225/- | ശ്രീമതി പ്രണിത നെൽസൺ, മെഡിക്കൽ ഓഫീസർ(ഹോമിയോ) |
| ആകെ | 47,26,238/- | |

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. വൈ.നിസാർ, സെക്രട്ടറി | വിരമിച്ചു | പീടികത്തറയിൽ, ആദിനാട് സൌത്ത്, കാട്ടിൽകടവിൽ പി. ഒ |
| ശ്രീമതി സുലത, ഹെഡ്മിസ്ട്രസ് | വിരമിച്ചു | ശ്രീമൂലം, താഴം, കരിമ്പിൻപുഴ |
| ശ്രീമതി താര.ജെ.ജെ, ഫിഷറീസ് സബ് ഇൻസ്പെക്ടർ | മത്സ്യഭവൻ, നീണ്ടകര | റോബിൻസൺ കോട്ടേജ്, എസ്.ജെ.എസ്.എൻ-4, തിരുമുല്ലാവരം പി.ഒ |
| ശ്രീമതി.ശാന്തി.ആർ വി.ഇ.ഒ | വി.ഇ.ഒ, ഓച്ചിറ ഗ്രാമപഞ്ചായത്ത് | ശ്രീരഞ്ജിനി, ആനയടി പി. ഒ, കൊല്ലം |
| ശ്രീമതി പ്രണിത നെൽസൺ, മെഡിക്കൽ ഓഫീസർ (ഹോമിയോ) | മെഡിക്കൽ ഓഫീസർ (ഹോമിയോ), കുമാരപുരം ഗ്രാമപഞ്ചായത്ത് | ഓരമ്പള്ളിൽ, മുണ്ടയ്ക്കൽ വെസ്റ്റ്, കൊല്ലം |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | കെ.എസ്.എ.കെ.എൽ.എം.പി.11/400(2)/18, 23.02.18 | 29, 30, 31, 32, 34(1), 35, 39 |

| | | |
|---|---|---|
| 1998-99 | കെ.എസ്.എ.കെ.എൽ.എം.പി.11/400(3)/18, 23.02.18 | 26 (1), (2), 27 (1), (2), 36, 37, 40, 42-2, 37 (സമാഹൃത ഓഡിറ്റ് റിപ്പോർട്ട്) |
| 1999-2000 | കെ.എസ്.എ.കെ.എൽ.എം.പി.11/400(4)/18, 23.02.18 | 2, 2 എ, 2-3 ബി, 9, 25 |
| 2000-01 | കെ.എസ്.എ.കെ.എൽ.എം.പി.11/400(5)/18, 23.02.18 | 2, 10, 13, 16, 17, 20 |
| 2001-02 | കെ.എസ്.എ.കെ.എൽ.എം.പി.11/400(6)/18, 23.02.18 | 2-1, 2-2, 2-3, 3-2, 3-3, 3-5 (1), (4), 3-5 (5), 3-10, 3-11 |
| 2002-03 | കെ.എസ്.എ.കെ.എൽ.എം.പി.11/400(7)/18, 23.02.18 | 2-2, 2-7, 2-8 , 3-1, 3-3, 3-4,<br>3-5, 3-6,3-7, 3-8 |
| 2003-04 | കെ.എസ്.എ.കെ.എൽ.എം.പി.11/400(8)/18, 23.02.18 | 2-3, 3-2, 3-3, 3-4, 3-7 |
| 2004-05 | കെ.എസ്.എ.കെ.എൽ.എം.പി.11/400(9)/18, 23.02.18 | 3-1, 3-3, 3-4, 3-5, 3-6 |
| 2005-06 | കെ.എസ്.എ.കെ.എൽ.എം.പി.11/400(10)/18, 23.02.18 | 3-6(1), 3-6(2) |
| 2006-07 | കെ.എസ്.എ.കെ.എൽ.എം.പി.11/748(1)/19, 31.05.19 | 2-2, 3-1, 3-4, 3-5, 3-7, 3-9, 3-10, 3-11, 3-12, 3-13,<br>3-14,3-16, 3-17, 3-18, 3-19 |
| 2007-08 | കെ.എസ്.എ.കെ.എൽ.എം.പി.11/748(2)/19, 31.05.19 | 2-1, 2-2, 3-1, 3-2, 3-3, 3-4 |
| 2008-09 | കെ.എസ്.എ.കെ.എൽ.എം.പി.11/748(3)/19, 31.05.19 | 2-2, 3-1, 3-2, 3-3, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12 |
| 2009-10 | കെ.എസ്.എ.കെ.എൽ.എം.പി.11/748(4)/19, 31.05.19 | 2-3, 2-4, 2-5, 3-1, 3-2, 3-4, 3-5, 3-6, 3-7 |
| 2010-11 | കെ.എസ്.എ.കെ.എൽ.എം.പി.11/748(4)/19, 31.05.19 | 9 ഖണ്ഡികകൾ |
| 2011-12 | കെ.എസ്.എ.കെ.എൽ.എം.പി.11/അദാലത്ത്/ 11-12/360/22, 19.08.22 | 12 ഖണ്ഡികകൾ |
| 2012-13 & 2013-14 | കെ.എസ്.എ.കെ.എൽ.എം.പി.11/അദാലത്ത്/12-13 & 13-14/360/22, 19.08.22 | 18 ഖണ്ഡികകൾ |
| 2014-15 | കെ.എസ്.എ.കെ.എൽ.എം.പി.11/അദാലത്ത്/ 14-15/360/22, 19.08.22 | 10 ഖണ്ഡികകൾ |
| 2015-16 | കെ.എസ്.എ.കെ.എൽ.എം.പി.11/അദാലത്ത്/ 15-16/360/22, 19.08.22 | 22 ഖണ്ഡികകൾ |
| 2016-17 | കെ.എസ്.എ.കെ.എൽ.എം.പി11/1543/2017 തീയതി. 11.10.2017 | എല്ലാ ഖണ്ഡികകളും |
| 2017-18 | കെ.എസ്.എ.കെ.എൽ.എം.പി11/189/2019 തീയതി 27.4.19 | എല്ലാ ഖണ്ഡികകളും |
| 2018-19 | കെ.എസ്.എ.കെ.എൽ.എം.പി11/398/2020 തീയതി: 07.05.20 | എല്ലാ ഖണ്ഡികകളും |
| 2019-20 | കെ.എസ്.എ.കെ.എൽ.എം.പി11/1722/2021 തീയതി: 06.06.2022 | എല്ലാ ഖണ്ഡികകളും |
| 2020-21 | കെ.എസ്.എ.കെ.എൽ.എം.പി11/1723/2021 തീയതി: 05.07.2022 | എല്ലാ ഖണ്ഡികകളും |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കൊല്ലം ജില്ലയിലെ പവിത്രേശ്വരം ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ പവിത്രേശ്വരം ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-3

## അനുബന്ധ പത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്